കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പരുതൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. പികെഡി13-1384/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി 05.01.2021.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പരുതുർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പരുതുർ ഗ്രാമ പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരുതുർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇമെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. പികെഡി13-1384/2020 തിയതി: 05.01.2021

# പാലക്കാട് ജില്ലയിലെ പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 18.05.2019മുതൽ 19.11.2020തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സതീശൻ.എൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20-11-2020 മുതൽ 30-11-2020 വരെ |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ സുലൈമാൻ.ഐ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ ഷർഫുദ്ദീൻ.എസ്.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ ഷഹീർ.എസ് | ഓഡിറ്റർ |
| ശ്രീ കൃഷ്ണദാസ് .എൻ.വി | ഓഡിറ്റർ |
| ശ്രീ രഞ്ജിത്ത്.ആർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ടി.ശാന്തകുമാരി | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ. ആർ.ബാലചന്ദ്രൻ നായർ | 01-04-2018 മുതൽ 30-06-2018 (വിരമിച്ചു) വരെ |
| | ശ്രീ. എ. ഹാഷിം (സെക്രട്ടറി ഇൻ ചാർജ്ജ്) | 01.07.2018 മുതൽ 18-07-2018 വരെ |
| | ശ്രീ. ഹൗദ്രോസ് അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) | 19.07.2018 മുതൽ 07-08-2018 വരെ |
| | ശ്രീമതി. ശ്രീദേവി.കെ.ജി | 08-08-2018മുതൽ 31-3-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ദീപ.കെ.പി | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ | ശ്രീ.ജിതേഷ് കുമാർ | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.എം.കമലാവതി | 01-04-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി. എൻ.എസ്.സുധ | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ. ഉബൈദുള്ള..പി | 01-04-2018 മുതൽ 16-12-2018 വരെ |
| | ഡോ. അഷറഫ്.എ | 17-12-2018മുതൽ 20-03-2018 വരെ |
| | ഡോ. സുബൈദ മേത്തുവിൽ നാലകത്ത് | 21-03-2018മുതൽ 20-03-2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ബിബി.കെ.എസ് | 01.04.2018 മുതൽ 31-3-2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.കെ.പി.വൈഖരി | 01-04-2018 മുതൽ 31-03-2019 വരെ |
| എച്ച്.എം | ശ്രീമതി.പി.ലൈല | 01-04-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഡി.ഹരിലാൽ | 01-04-2018 മുതൽ 08- |

| | | |
|---|---|---|
| | | 04-2018 വരെ |
| | ശ്രീ.ഹൈദ്രോസ്.പി | 09-04-2018 മുതൽ 31-03-2019 വരെ |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

24.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 17-04-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5102330 |
| വരവ് | 87420584 |
| ആകെ | 92522914 |
| ചെലവ് | 72055706 |
| നീക്കിയിരിപ്പ് | 20467208 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | | 13162000 | 13162000 | 12309903 | 852097 |
| വികസന ഫണ്ട്-എസ്.സി.പി | | | 12651000 | 12651000 | 12428806 | 222194 |
| മെയിന്റനൻസ്, റോഡ് | | | 11152000 | 11152000 | 8693515 | 2458485 |
| മെയിന്റനൻസ്, നോൺ-റോഡ് | | | 2780000 | 2780000 | 2573628 | 206372 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 7907693 | 7907693 | 4287674 | 3620019 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 18919896 | 18919896 | 18919896 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3957 | 1496669 | 1500626 | 1464686 | 35940 |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ICDS | 909866 | 499450 | 1409316 | 204684 | 1204632 |
| | TSC | 720000 | 2000274 | 2720274 | 1051066 | 1669208 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | വിമുക്തി | 37500 | 25000 | 62500 | 10000 | 52500 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1705507 | 1705507 | 1705507 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 5035383 | 5035383 | 3664158 | 1371225 |
| ബി ഫണ്ട് | | | 487800 | 487800 | 487800 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 10045450 | 10045450 | 10045450 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2418579 | 26714681 | 29133260 | 15252255 | 13881005 |
| | ട്രഷറി അക്കൗണ്ട് | 2604566 | 18975981 | 21580547 | 15218904 | 6361643 |

ജനറൽ പർപ്പസ് ഗ്രാന്റ് ട്രഷറി അക്കൗണ്ടിൽ (തനത് ഫണ്ട്) ഉൾപ്പെട്ടിട്ടുണ്ട്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 289 | 112750927 | 193 | 55322328 | 0 | 96 | 66.78 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 66.78% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 49.07% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 5293800 | 2712100 | 51.23 |
| വെറ്ററിനറി സർജൻ | 3 | 3 | 745000 | 494200 | 66.34 |
| മെഡിക്കൽ ഓഫീസർ-PHC | 7 | 7 | 1192600 | 1140545 | 95.64 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 1 | 500000 | 400000 | 80.00 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ | 15 | 11 | 55131558 | 21288214 | 38.61 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 6 | 6578403 | 4307602 | 65.48 |
| സെക്രട്ടറി | 38 | 19 | 6714000 | 2351467 | 35.02 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 200 | 137 | 32445066 | 18891840 | 58.23 |
| അസി.സെക്രട്ടറി | 6 | 5 | 4025500 | 3611360 | 89.71 |
| എച്ച്.എം | 2 | 2 | 125000 | 125000 | 100 |
| ആകെ | 289 | 193 | 112750927 | 55322328 | 49.07 |

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 217800 | 136 |
| കർഷകതൊഴിലാളി പെൻഷൻ | 2759600 | 239 |
| വിധവാപെൻഷൻ | 12577000 | 1021 |
| വാർദ്ധക്യകാലപെൻഷൻ | 20553000 | 1671 |
| വികലാംഗപെൻഷൻ | 4202900 | 331 |
| അവിവാഹിത പെൻഷൻ | 1486300 | 121 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 270000 | 9 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2020 3.00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3591രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-8 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടേയും അനുബന്ധ രേഖകളുടേയും സൂക്ഷിപ്പ് തൃപ്തികരമല്ല.പെർമിറ്റ് രജിസ്റ്റർ,ന്യൂ ബിൽഡിംഗ് രജിസ്റ്റർ,റെഗുലറൈസേഷൻ രജിസ്റ്റർ,നികുതി ഇളവ് നല്കുന്ന വിവരം കാണിക്കുന്ന രജിസ്റ്റർ, അനധികൃത നിർമ്മാണങ്ങളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ എന്നിവ കാലികമായി എഴുതി സൂക്ഷിച്ചിട്ടില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിച്ചുവരുന്നുണ്ട്. ജോലി വിഭജന രേഖകൾ പ്രകാരം ഓരോ ഉദ്യോഗസ്ഥനും ജോലി വിഭജിച്ചു നൽകിയിട്ടുണ്ട്.

പ്രസിഡണ്ടിന്റെ ദുരിതാശ്വാസ നിധി നാളിതുവരെ രൂപീകരിച്ചിട്ടില്ല. പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല.

എല്ലാ മേഖലകളിലേയും ആവശ്യകത വിലയിരുത്തിയതിനുശേഷമാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് തെളിയിക്കുന്ന രേഖകൾ ബജറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയതായും കാണുന്നില്ല.

പുതിയ വരവിനങ്ങൾ കണ്ടെത്തി സ്ഥാപനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളൊന്നും തൻവർഷം ഉയർന്നു വന്നിട്ടില്ല.

ഓഫീസ് മാനേജ്മെന്റ് കാര്യക്ഷമമാക്കിയും രേഖകളുടേയും രജിസ്റ്ററുകളുടേയും സൂക്ഷിപ്പ് കാലികമാക്കിയും ഐ.എസ്.ഒ സർട്ടഫിക്കേഷൻ നിലനിർത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2020 | 06/2020മുതൽ 10/2020വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-06-2008 | 1997-98 മുതൽ 2007-08 വരെ | 14-08-2008 |

# 1-10 വാർഷികകണക്കുകളിലെ അപാകതകൾ

(വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് പരിഹരിക്കുവാൻ അവശേഷിക്കുന്ന പരാമർശങ്ങൾ ഉൾപ്പെടുത്തുക)

# 1-11 ഭേദഗതി വിജ്ഞാപനം പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കും നിശ്ചയിക്കാവുന്ന കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന നികുതി നിരക്കിന്റെ പരിധി 14.01.2011 ലെ സ.ഉ(അ)നം.19/2011/ തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011, സ.ഉ (അ)നം.36/2015/ തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം.100/2015 എന്നീ വിജ്ഞാപനങ്ങൾ പ്രകാരം സർക്കാർ നിശ്ചിയിച്ച നൽകി. തദ്ദേശ സ്ഥാപനങ്ങൾ ആയതനുസരിച്ച് ഓരോ വിഭാഗം കെട്ടിടങ്ങൾക്കും ബാധകമായ അടിസ്ഥാന നികുതി പ്രമേയം മൂലം നിശ്ചയിക്കേണ്ടതുണ്ട്. അപ്രകാരം നിശ്ചയിക്കുന്ന നിരക്കുകളാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി കണക്കാക്കുന്നതിനായി ഉൾപ്പെടുത്തേണ്ടത്. എല്ലാ വിജ്ഞാപനങ്ങൾക്കനുസരിച്ചുമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ കെട്ടിടങ്ങൾക്ക് യഥാർത്ഥത്തിൽ ബാധകമായ നികുതി നിർണ്ണയിക്കപ്പെടാതെ പോകുന്നതാണ്.

സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം.100/2015 വിഞ്ജാപനം പ്രകാരം താഴെ പറയുന്ന ഉപയോഗക്രമങ്ങൾക്കാണ് സർക്കാർ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന നികുതി നിരക്കിന്റെ പരിധി നിശ്ചയിച്ചുനൽകിയത്.

| ക്രമ നം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് | 3 | 5 |
| 3 | മൈക്രോ സ്മോൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 4 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 |

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പരിശോധിച്ചതിൽ മേൽ വിജ്ഞാപനം പ്രകാരം വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് എന്ന ഉപയോഗക്രമത്തിന് മാത്രമാണ് പഞ്ചായത്ത് പ്രദേശത്ത് ബാധകമായ നിരക്ക് (ചതുരശ്ര മീറ്ററിന് 7 രൂപ) നിശ്ചയിച്ചിട്ടുള്ളതെന്ന് കാണുന്നു. മറ്റ് 3 ഉപയോഗക്രമങ്ങൾക്ക് ബാധകമായ നിരക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല. നിരക്കുകൾ നിർണ്ണയിക്കാത്തതിനാൽ മേൽ ഉപയോഗക്രമങ്ങളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമങ്ങൾ രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചുവരുന്ന രീതിയാണ് തുടർന്നുവരുന്നത്.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 09/30.11.2020 -ന് മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം.100/2015

വിജ്ഞാപനം പ്രകാരം കൂട്ടിച്ചേർത്ത ഉപയോഗക്രമങ്ങൾക്ക് സർക്കാർ നിശ്ചയിച്ച നിരക്കുകൾക്കനുസൃതമായ വസ്തുനികുതി നിരക്ക് അടിയന്തിരമായി നിർണ്ണയിക്കേണ്ടതും നികുതി നിർണ്ണയത്തിന് ഇവ പരിഗണിക്കേണ്ടതുമാണ്. ആയതിന് അനുസൃതമായി മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗക്രമം പരിശോധനയ്ക്ക് വിധേയമാക്കി ആവശ്യമായ തിരുത്തലുകൾ വരുത്തി നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പാഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>എ. ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപന ത്തിലെ ജോലിക്കാ രുടെ എണ്ണം | ലൈസൻസ് നം. |
|---|---|---|---|---|
| 1 | യു കെ എം ടിംബേഴ്സ് | കുഞ്ഞി മുഹമ്മദ് യു, ഊരതൊടിയിൽ | 5 | 2/18-19 |
| 2 | സി പി ബാഗ് വർക്ക്സ് | അബ്ദുൾ വാഹിദ് സി പി, ചീരാൻ പറമ്പിൽ | 3 | 11/18-19 |
| 3 | വി ടി മെറ്റൽ വർക്ക്സ് | ഇബ്രാഹിം കുട്ടി, വലിയതൊടിയിൽ | 3 | 12/18-19 |
| 4 | പ്രിൻസ് ഹോളോബ്രിക്ക്സ് | മുഹമ്മദ് യു, ഊരതൊടിയിൽ | 3 | 17/18-19 |
| 5 | താജ് റസ്റ്റോറന്റ് | മുഹമ്മദ് സക്കീർ, കളകണ്ടത്തിൽ | 3 | 68/18-19 |
| 6 | ടാലന്റ് ബോക്സ് & ബാഗ്സ് | അബ്ദുൾ സമദ്, പുളിക്കൽ | 4 | 107/18-19 |
| 7 | ആസ്ക് ബിസിനസ് | നൗഷാദ് എം പി, | 9 | 113/18-19 |

| | | | | |
|---|---|---|---|---|
| | ഗ്രൂപ്പ് | മണൽ പറമ്പിൽ | | |
| 8 | ഫെയ്മസ് ബേക്കറി | കബീർ പി പി, പുത്തൻ പീടികയിൽ | 3 | 121/18-19 |
| 9 | 3ബിഎസ് ബാഗ്സ് | അബ്ദുൾ നാസർ, മീനാനിക്കോട്ടിൽ | 9 | 124/18-19 |
| 10 | പി വി ട്രേയ്ഡ് ലിൻക്ക്സ് | ഹൈദരാലി, പണിക്കവീട്ടിൽ | 4 | 126/18-19 |
| 11 | ചൈതന്യ ഫർണീച്ചർ വർക്ക്സ് | സുബ്രഹ്മണ്യൻ, മുടപ്പക്കാട്ട് ആശാരിപുരക്കൽ | 3 | 144/18-19 |
| 12 | എം ആർ എച്ച് ബാഗ്സ് | റഷീദ്, മഠത്തിൽവളപ്പിൽ | 4 | 149/18-19 |
| 13 | താജ് ഫ്യൂവൽസ് | റഷീദ് ടി, തിരുത്തിൽ | 4 | 163/18-19 |
| 14 | ഫാത്തീസ് ഫാഷൻ | അബ്ദുൾ നാസർ, കടവത്ത് | 5 | 184/18-19 |
| 15 | ഹരിത ഫുഡ്സ് | ബിജു സി ജെ, രാജേഷ് കെ, മുഹമ്മദ് സലീം | 6 | 219/18-19 |
| 16 | ഓ ടി ഫ്യൂവൽസ് | ഓ ടി മുഹമ്മദ് നൗഷാദ്, ഒറവ്തൊടി | 3 | 244/18-19 |

<u>ബി. റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായികാണുന്നില്ല. ആയതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | പി നൗഷാദ് |
| 2 | പി ഭാസ്കരൻ |
| 3 | ടി ഇബ്രാഹിം |
| 4 | അലി പി |
| 5 | പി അബ്ദുൾ റസാക്ക് |
| 6 | മുഹമ്മദ് റനീഷ് |
| 7 | സി പി അബൂബക്കർ |
| 8 | സക്കീർ ഹുസൈൻ സി എം |
| 9 | ജാഫർ അലി ഇ |
| 10 | എം വി അബ്ദുൾ റസാക്ക് |
| 11 | അഷ്റഫ് അലി |
| 12 | കെ യൂസഫ് |
| 13 | പി എസ് മൊയ്തു |

| | |
|---|---|
| 14 | എം അലി |
| 15 | നിയാസ് വൈ |
| 16 | എ എം യൂസഫ് |
| 17 | പി വി മുഹമ്മദ് അബ്ദുൾ റഹിമാൻ |
| 18 | സി ആർ അജിത്ത് പ്രസാദ് |
| 19 | ടി കെ രാജൻ |
| 20 | പി വി ഷമീർ |
| 21 | കെ പി മുഹമ്മദ് അലി |
| 22 | ഇ കെ എം ബഷീർ |
| 23 | അൻവർ സാദത്ത് പി |
| 24 | അബ്ദുൾ കരീം പി വി |
| 25 | മുഹമ്മദ് അമീൻ |
| 26 | യാസർ എ ടി |
| 27 | കാജാഹുസൈൻ |
| 28 | വി കെ ഉമ്മർ |

<u>സി. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1. റിവർ വ്യൂ ഓഡിറ്റോറിയം, പരുളുർ

2. ബി എസ് എൻ എൽ, പള്ളിപ്പുറം

3. മാവേലി സ്റ്റോർ, നടപറമ്പ്

4. വനിത ക്ഷീരോൽപാദക സഹകരണ സംഘം, കൊടിക്കുന്നിൽ

5. അമ്മൂസ് ഗോൾഡ്, കൊടിക്കുന്നിൽ

6. താജ് ഫ്യുവൽസ്, കൊടിക്കുന്നിൽ

7. ഗ്രാന്റ് സൺ ഭാരത് ഗ്യാസ്, ചെറുകുടങ്ങാട്

8. ഓ ടി ഫ്യുവൽസ്, പാലത്തറ

9. സവാ ഗോൾഡ് & ഡയമൻഡ്, കൊടികുന്ന്

<u>ഡി. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

1. സഫ ഇംഗ്ലീഷ് മീഡിയം സ്കൂൾ, മൂന്നുമൂല

2. വിവേകാനന്ദ വിദ്യാലയം, ചിറങ്കര

3. സവാ ഗോൾഡ് & ഡയമൻഡ്, കൊടികുന്ന്

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/30.11.2020 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 വാടക - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ പ്രകാരം താഴെ പറയുന്ന മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം. | വാടകക്കാരന്റെ പേര് |
|---|---|---|
| 1 | 16/124 | പാത്തുമ്മ, പുഞ്ചിരി കുടുംബശ്രീ |
| 2 | 16/300 | മൊയ്തീൻകുട്ടി, പുളിക്കപ്പറമ്പിൽ |
| 3 | 16/301 | മുഹമ്മദ് അഷ്റഫ്, പളിക്കൽ ഹൗസ് |
| 4 | 16/302 | ജയചന്ദ്രൻ, കപ്പൂരുവടി |
| 5 | 16/303 | സി പി കൃഷ്ണൻ, സിൻസിയർ ടെയിലേഴ്സ് |
| 6 | 16/301എ | ധനശ്രീ കുടുംബശ്രീ |
| 7 | 11/83 | അനിൽകുമാർ, തൊണ്ടിയിൽ |

വാടക രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>എ. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ അടിസ്ഥാന വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്</u>

പഞ്ചായത്തിലെ വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 7 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിന്റെ നിർമ്മാണം, പൂർത്തീകരണം, പ്ലാനുകൾ, പരിപാലനം മുതലായവയുടെ വിവരങ്ങളൊന്നും പഞ്ചായത്തിൽ നിലവിൽ ലഭ്യമല്ല. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന് 15 വർഷത്തിന് മുകളിൽ കാലപ്പഴക്കമുണ്ട്. ആയതിനാൽ കെട്ടിടങ്ങളുടെ പരിപാലനം സമയബന്ധിതമായി പൂർത്തീകരിക്കാൻ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ അടിസ്ഥാന വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ബി. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങണം</u>

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയതായി കാണുന്നില്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ 1994

ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>സി. വാടക കരാർ ചട്ട പ്രകാരം ചമക്കേണ്ടതാണ്</u>

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിലല്ല വാടകക്കാരുമായി കരാർ ചമച്ചിട്ടുള്ളത്. ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ഡി. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് – ചട്ട പ്രകാരമുള്ള സംവരണം നൽകേണ്ടതാണ്</u>

2005 ലെ കേരള പഞ്ചായത്ത് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പഞ്ചായത്ത് ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ/സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾക്കുവേണ്ടിയും, 3% ഭിന്നശേഷി വിഭാഗങ്ങൾക്കും സംവരണം ചെയ്തു നൽകേണ്ടതാണ്. 2018-19 വർഷത്തെ വാടക രജിസ്റ്റർ പ്രകാരം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിനും, ഭിന്നശേഷി വിഭാഗങ്ങൾക്കും സംവരണം ചെയ്യപ്പെട്ട മുറികളുടെ വിശദാംശങ്ങൾ രജിസ്റ്ററുകളിൽ ലഭ്യമല്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും, ഭിന്നശേഷി വിഭാഗങ്ങൾക്കും അർഹമായ കടമുറികൾ അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.15/30.11.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 വസ്തുനികുതി നിർണ്ണയം -അപാകതകൾ പരിഹരിക്കേണ്ടതാണ്

<u>എ) രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കൃത്യമല്ല</u>

1. 2018-19 വർഷം വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച ന്യൂ ബിൽഡിംഗ് രജിസ്റ്റർ പൂർണ്ണമല്ല. എല്ലാ രേഖപ്പെടുത്തലുകളും സാക്ഷ്യപ്പെടുത്താത്തതിനാൽ ആകെ എത്ര കെട്ടിടങ്ങൾക്കാണ് നമ്പർ അനുവദിച്ചതെന്ന് വ്യക്തമല്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഡാറ്റാ പ്യൂരിഫിക്കേഷൻ ചെയ്ത കെട്ടിടങ്ങളുടേതുൾപ്പെടെ 1369 കെട്ടിടങ്ങളുടെ വിവരങ്ങളാണ് 2018-19 -ൽ ഡിജിറ്റലി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

2. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 137(3) പ്രകാരം കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിച്ച നിബന്ധനകൾ, രാജിയാക്കൽ ഫീസ് എന്നിവ ഉൾപ്പെടെ പൂർണ്ണമായ വിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ 'അനുബന്ധം-ജെ' മാതൃകയിൽ സൂക്ഷിക്കേണ്ടതാകുന്നു. ക്രമവൽകരണം സംബന്ധിക്കുന്ന രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടില്ല.

3. നികുതി ഇളവ് സംബന്ധിച്ച രജിസ്റ്റർ, അനധികൃത നിർമ്മാണങ്ങൾ സംബന്ധിക്കുന്ന രജിസ്റ്റർ എന്നിവ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല.

<u>ബി) നടപടിക്രമങ്ങൾ പാലിക്കാതെ വസ്തുനികുതി നിർണ്ണയിച്ച് നൽകിയിരിക്കുന്നു</u>

<u>I. ഫയൽ നമ്പർ : എ3/3985/18 തീയതി 25/09/18</u>

കെട്ടിട ഉടമയുടെ പേരും വിലാസവും : അബ്ദുൽ റഹ്മാൻ മുതൽപ്പേർ, ചേരുംകുഴിയിൽ ഹൗസ്, കരുവാൻപടി, ചെറുകുടങ്ങാട്.

അനുവദിച്ച കെട്ടിട നമ്പർ : 5/541 A, 5/541 B

പെർമിറ്റ് നമ്പർ : BA(52649)/2017 Dt 10/10/2017

പെർമിറ്റഡ് ഏരിയ : 233.92 m2

കംപ്ലീറ്റഡ് ഏരിയ : 268.43 m2

മേൽ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണെന്ന് എൽഎസ്ജിഡി സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടും ആയത് പരിഗണിക്കാതെ സെക്രട്ടറി കെട്ടിടനമ്പർ അനുവദിച്ചിരിക്കുന്നു.

- ടൊയ്‌ലറ്റ് നിർമ്മിച്ചിട്ടില്ല
- പുറകുവശത്തെ RCC കെട്ടിടം സൈറ്റ് പ്ലാനിൽ കാണിച്ചിട്ടില്ല. കെട്ടിടങ്ങൾ തമ്മിൽ 2 മീറ്റർ അകലം ഇല്ല.
- മഴവെള്ള സംഭരണി നിർമ്മിച്ചിട്ടില്ല.

കംപ്ലീഷൻ പ്ലാനിൽ സെക്രട്ടറിയോ സാങ്കേതിക വിഭാഗമോ സാക്ഷ്യപ്പെടുത്തിട്ടില്ല. കൂടാതെ പെർമിറ്റഡ് ഏരിയയിൽ നിന്നും അധികരിച്ച് നിർമ്മിച്ച 34.51 ചതുരശ്ര മീറ്ററിന് ക്രമവൽക്കരണ ഫീസും ഈടാക്കിയിട്ടില്ല.

<u>II. ഫയൽ നമ്പർ : എ3/4055/18 തീയതി 29/09/18</u>

കെട്ടിട ഉടമയുടെ പേരും വിലാസവും : രാജേഷ് മുതൽപ്പേർ, കങ്കാലത്ത് ഹൗസ്, കുനത്തറ

അനുവദിച്ച കെട്ടിട നമ്പർ : 8/198A

കംപ്ലീറ്റഡ് ഏരിയ : 227.81 ച. മീറ്റർ

പെർമിറ്റില്ലാതെ നിർമ്മിച്ച മേൽ കെട്ടിടം BA(226468)/2018 തീയതി 12/09/2018 നമ്പരായി ക്രമവൽക്കരിച്ചുനൽകിയിട്ടുണ്ട്. 216.1 ച.മീ മാത്രമാണ് ക്രമവൽക്കരിച്ചിരിക്കുന്നത്. 11.71 ച.മീറ്ററിന് ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടില്ല. കൂടാതെ സാങ്കേതിക വിഭാഗം റിപ്പോർട്ട്, ഫീൽഡ് പരിശോധന റിപ്പോർട്ട് എന്നിവ കൂടാതെതന്നെ കെട്ടിടനമ്പർ അനുവദിക്കുന്നതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു.

മേൽ അപാകതകൾ വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 17/04.12.2020 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർദ്ദേശങ്ങൾ

1. രജിസ്റ്ററുകൾ പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതാണ്.
2. നടപടിക്രമങ്ങൾ പാലിക്കാതെ വസ്തുനികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം പുനപരിശോധിക്കേണ്ടതാണ്.
3. ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കിയവയിൽ നിന്നും ആയത് ഈടാക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങളിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമ പഞ്ചായത്ത് അനുവദിച്ച ലൈസൻസുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ. ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ചിട്ടില്ല

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസിന് നിരക്ക് നിശ്ചയിച്ചിട്ടില്ല. ആയതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

ബി. വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 1733 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം<br>100 ച. മീറ്റർ വരെ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 1466 |
| | 2 | 100 ച. മീറ്റർ മുകളിൽ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 79 |
| | 3 | 200 ച. മീറ്റർ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 0 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 137 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷൻ | 11 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 0 |
| III | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ് | | 6 |
| IV | 1 | വ്യവസായം<br>ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 25 |
| | 2 | ഇതര വ്യവസായം | 9 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 245 എണ്ണം മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

സി. ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

സ.ഉ.(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ,

ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

<u>ഡി. കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം</u>

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും , കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2/2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്.

യോഗ്യമായവക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

ഇ. ലൈവ് സ്റ്റോക്ക് ഫാമുകൾ പരിശോധനാ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല

2018-19 സാമ്പത്തികവർഷത്തിൽ താഴെ പറയുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ഫാമിന്റെ പേര് | ലൈസൻസിയുടെ പേര് | ലൈസൻസ് നം. |
|---|---|---|---|
| 1 | അനുഗ്രഹ പോൾട്രീ ഫാം | അജിത വി വി, മോഴിയോട്ട് വീട് | 175/18-19 |
| 2 | കരിയന്നൂർ പോൾട്രീ ഫാം | അബ്ദുറഹിമാൻ ടി പി, തൊറോപറമ്പിൽ വീട് | 244/18-19 |

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമപഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്.

എഫ്. റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമനം 149) പ്രകാരം ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ ലൈസൻസ് എടുത്തതായി കാണുന്നില്ല. റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.11/30.11.2020 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ട പ്രകാരം പഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസ നിധി രൂപീകരിച്ചതായി കാണുന്നില്ല. ഓഡിറ്റ് അന്വേഷണം നം. 13/18.11.2020 നുള്ള മറുപടിയിൽ അടുത്ത പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ വിഷയം ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ചട്ട പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിലേക്ക് ധനകാര്യ സ്റ്റാറ്റിംഗ് കമ്മറ്റിയുടെയും ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

# 1-17 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനതുഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്

ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഓരോ വർഷവും EMD, Security Deposit, other deposits എന്നീ ഇനങ്ങളിൽ ലഭിക്കുന്ന തുകകളിൽ മൂന്നുവർഷ കാലാവധി കഴിഞ്ഞിട്ടും ക്ലെയിം ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ ഉണ്ടെങ്കിൽ ആയത് കേരള ഫിനാൻഷ്യൽ കോഡ് Vol.1 Art.282(1) അനുസരിച്ച് തനത്ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം (പേജ് നം.41) അവശേഷിക്കുന്ന തുകകളിൽ താഴെ പറയുന്ന കാലയളവുകളിൽ നിക്ഷേപിച്ചിട്ടുള്ളതും ക്ലയിം ചെയ്യാത്തതുമായ തുകകൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 1982-83 | 500 |
| 1992-93 | 250 |
| 1998-99 | 2004 |
| 2000-01 | 1000 |
| 2001-02 | 4050 |
| 2003-04 | 9200 |
| 2004-05 | 14025 |
| 2005-06 | 16000 |
| 2006-07 | 31000 |
| 2007-08 | 15500 |
| 2008-09 | 11000 |
| 2009-10 | 38936 |
| 2010-11 | 11569 |
| 2011-12 | 18310 |
| 2012-13 | 785 |
| 2013-14 | 20986 |

| | |
|---|---|
| 2014-15 | 31975 |
| 2015-16 | 55125 |
| 2016-17 | 1750 |
| ആകെ | 283965 |

തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ അവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/04-12-2020) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പറഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

# 1-18 ഉഴവു കൂലി ചെക്ക് മുഖേന നേരിട്ട് വിതരണം ചെയ്തു - ചെലവുകൾ പഞ്ചായത്തിന്റെ ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല

പ്രൊജക്ട് നം. 5/19, സമൃദ്ധി - നെൽകൃഷിക്ക് പ്രാരംഭ കൃഷി ചെലവിന് ധനസഹായം

അടങ്കൽ - 48300000/- രൂപ (വികസനഫണ്ട് - 2380000/- രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 980000/- രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം - 1400000/- രൂപ)

ചെലവ് - 25458462/- രൂപ (വികസനഫണ്ട് - 2380000/- രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 682942/- രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം - 975520/- രൂപ)
നിർവ്വഹണം - കൃഷി ഓഫീസർ

മേൽ പദ്ധതി പ്രകാരം ഉഴവു കൂലി ഇനത്തിൽ ലഭിച്ചിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 682942/- രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം - 975520/- രൂപ എന്നിവ 8 പാടശേഖരസമിതികളിലെ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഉഴവു കൂലി ഇനത്തിൽ ലഭിച്ചിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 682942/- രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം - 975520/- രൂപ എന്നിവ സാംഖ്യയിൽ നിന്നും ബിൽ എടുക്കാതെ ട്രഷറിയിൽ നിന്നും ചെക്ക് മുഖേന നേരിട്ട് ഗുണഭോക്തക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറി നൽകുകയാണ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം./ തീയതി | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 8962048/16.01.19 | 46029 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | | | |

| | | | |
|---|---|---|---|
| 2 | 8962050/19.02.19 | 78918 | ,, |
| 3 | 8962051/19.02.19 | 26936 | ,, |
| 4 | 8962052/21.02.19 | 69119 | ,, |
| 5 | 8962053/19.02.19 | 74145 | ,, |
| 6 | 8962054/19.02.19 | 78780 | ,, |
| 7 | 8962055/19.02.19 | 62076 | ,, |
| 8 | 8962056/21.02.19 | 58960 | ,, |
| 9 | 8962057/27.02.19 | 98283 | ,, |
| 10 | 8962058/27.02.19 | 89696 | ,, |
| 11 | 3092499/27.03.19 | 975520 | ജില്ലാ പഞ്ചായത്ത് വിഹിതം |

സാംഖ്യയിൽ നിന്നും ബിൽ എടുക്കാതെ മേൽ തുകകൾ ചെലവ് ചെയ്തതിനാൽ ടി ചെലവുകൾ പഞ്ചായത്തിന്റെ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

2. ജില്ലാ പഞ്ചായത്ത് വിഹിതമായ 975520/- രൂപ സെക്രട്ടറി ചെക്ക് നം. 3092499/27.03.19 മുഖേന കൃഷി ഓഫീസർക്ക് കൈമാറിയിട്ടുണ്ടെങ്കിലും ആയത് കൃഷി ഓഫീസറിടെ ട്രഷറിയിലുള്ള അക്കൗണ്ടിൽ ക്രഡിറ്റിൽ വരുകയോ നിർവ്വഹണോദ്യോഗസ്ഥയുടെ ക്യാഷ് ബുക്കിൽ ചേർക്കുകയോ ചെയ്യാതെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നല്കിയ ചെക്കിനോടൊപ്പം ഗുണഭോക്താക്കളുടെ ലിസ്റ്റ് കൂട്ടിചേർത്ത് നേരിട്ട് ട്രഷറിയിൽ നിന്നും തുക ഗുണഭോക്താകൾക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറി നൽകുകയാണ് ചെയ്തിട്ടുള്ളത്.

3. ബ്ലോക്ക് വിഹിതം , ജില്ലാ പഞ്ചായത്ത് വിഹിതം എന്നിങ്ങനെ പ്രസ്തുത പദ്ധതിക്കായി നല്കിയ തുകകൾ നിർവ്വഹണോദ്യോഗസ്ഥയുടെ കാഷ് ബുക്കിൽ വരവിൽ വെക്കുകയോ ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുയോ ചെയ്തിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.16/04.12.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിലെ മേൽ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 ബാലസഭ പദ്ധതി- ബാലസഭയുടെ പ്രഖ്യാപിത ലക്ഷ്യം മുൻനിർത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയില്ല

2018-19 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ബാലസഭ എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം 48 കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് 23.02.19 യിൽ ആഭരണ നിർമ്മാണ ശിൽപ്പശാല എന്ന പരിപാടിയാണ്

നടത്തിയിട്ടുള്ളത്.
പ്രോജക്ട് നമ്പർ, പേര്- 263/19, ബാലസഭാ പ്രവർത്തനം
അടങ്കൽ തുക- 50,000 രൂപ (തനത് ഫണ്ട്)
ചെലവ് തുക- 15000 രൂപ
ചെക്ക് നമ്പർ(ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.)
സ.ഉ(കൈ)നം. 22/2018/തസ്വഭവ തിയതി. 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.17 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സംസ്ഥാനതല നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് വാർഡ് ഒന്നിന് 1000 രൂപയും പഞ്ചായത്ത് തല പ്രവർത്തനത്തിന് 40,000 രൂപയിലും അധികരിക്കാത്ത തുക ചെലവഴിക്കാവുന്നതാണ്.
കുടുംബശ്രീ ഡയറക്ടർ കേരളത്തിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് അയച്ച 26.12.2018 തിയതിയിലെ 1125/കെ/2015/കെ.എസ്.എച്ച്.ഒ നമ്പർ കത്ത് പ്രകാരം കുടുംബശ്രീ ബാലസഭാ പദ്ധതിയുടെ ലക്ഷ്യങ്ങളും ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് ബാലസഭാ പരിപാടികൾ സംഘടിപ്പിക്കേണ്ടതിനെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്. കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള കുട്ടികളുടെ അയൽക്കൂട്ടമാണ് ബാലസഭ. തലമുറകളിൽ നിന്ന് തലമുറകളിലേക്കുള്ള ദാരിദ്ര്യം തടയുകയും, വിനോദങ്ങളിലൂടെയുള്ള വിജ്ഞാന സമ്പാദനം, സംഘബോധം, നേതൃത്വശേഷി, സഹകരണ മനോഭാവം, അവകാശാധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ ജനാധിപത്യബോധം, സർഗ്ഗശേഷി, വ്യക്തിവികാസം, പരിസ്ഥിതി ബോധം, തുടങ്ങിയ മൂല്യങ്ങൾ കുട്ടികളിൽ സൃഷ്ടിക്കുന്നതിനായി വിവിധങ്ങളായ ശിശുകേന്ദ്രീകൃത പരിപാടികളിലൂടെ അവരുടെ കഴിവുകൾ/ ശേഷികൾ വിപുലപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നതാണ് കുടുംബശ്രീ ബാലസഭാ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.
ബാലകൃഷി, ബാലപാർലമെന്റ്, ബാലസംഗമം, ബാലലൈബ്രറി തുടങ്ങിയ വിവിധങ്ങളായ പരിപാടികൾ നടത്താമായിരുന്നിട്ടും ആഭരണ നിർമ്മാണ ശിൽപ്പശാല എന്നതു മാത്രമാണ് പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയത്. സംസ്ഥാനതല നിർദ്ദേശങ്ങൾ പരിഗണിക്കാതെ പ്രൊജക്ട് തയ്യാറാക്കിയതിനാൽ ബാലസഭയുടെ പ്രഖ്യാപിത ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു. ബാലസഭയുടെ ലക്ഷ്യം മുൻനിർത്തിക്കൊണ്ട് പദ്ധതി രൂപീകരിച്ച് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.
(ഓഡിറ്റ് അന്വേഷണം നം. 22/04.12.2020)

# 1-20 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ(എം.എസ്)170/2007/ ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ്

രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

വാഹനം -Mahindra Bolero- (രജിസ്ട്രേഷൻ നം.- KL-52C-4444)

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.
- ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

  1. ലോഗ് ബുക്ക്
  2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്
  3. റിപ്പയർ രജിസ്റ്റർ
  4. ഫ്യൂവൽ രജിസ്റ്റർ

  എന്നാൽ ലോഗ് ബുക്ക് മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നത്. ബാക്കിയുള്ള രജിസ്റ്ററുകൾ 2018-19 ൽ മേൽ പറഞ്ഞ ഉത്തരവ് പ്രകാരം സൂക്ഷിക്കുന്നില്ല. ആകയാൽ വാഹനത്തിന്റെ പ്രവർത്തനക്ഷമത ഓഡിറ്റിന് വിലയിരുത്താൻ കഴിഞ്ഞില്ല. 2018-19 വർഷത്തിലെ വാർഷിക ധനകാര്യ പത്രിക പ്രകാരം വാഹനത്തിന്റെ ഇന്ധനചെലവിനും, റിപ്പയർ& മെയിന്റനൻസിനുമായി 181637 രൂപ ചെലവഴിച്ചിട്ടുണ്ട്.

- ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/04-12-2020) മറുപടി ലഭ്യമാക്കിയില്ല. വാഹന ഉപയോഗം സംബന്ധിച്ച് മേൽ പറഞ്ഞ എല്ലാ രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-21 ജാഗ്രതാസമിതി- പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര്യനിഷേധം, അവകാശ ലംഘനം, എന്നിവയിൽ ഇടപെട്ട് പരിഹരിക്കുന്നതിനും അത്തരത്തിൽ പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള സാമൂഹികസൃഷ്ടിക്കും വേണ്ടി പ്രവർത്തിക്കാൻ ലക്ഷ്യം വച്ചു കൊണ്ട് വനിതാകമ്മീഷന്റെ പ്രാദേശിക തലത്തിലുള്ള ഔദ്യോഗിക സംവിധാനം എന്ന നിലയിൽ രൂപീകരിച്ചതാണ് ജാഗ്രതാസമിതികൾ. ആയതിനാൽത്തന്നെ ജാഗ്രതാസമിതികളുടെ പ്രവർത്തനം വളരെ ഗൗരവത്തിൽ കൃത്യതയോടെ നടത്തേണ്ട പ്രക്രിയയാണ് .

ജാഗ്രതസമിതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 2018- 19 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഒരു പ്രൊജക്ട്

ആവിഷ്കരിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
പ്രൊജക്ട് നമ്പർ- 249/19
പ്രൊജക്ടിന്റെ പേര്- ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾക്ക് ധനസഹായം
തനത് ഫണ്ട്- 10,000 രൂപ
ചെലവ്- ഇല്ല.

പ്രസ്തുത പദ്ധതി ആവിഷ്കരിച്ചെങ്കിലും നടപ്പാക്കാതിരുന്നതിനുള്ള സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ തൻവർഷം ജാഗ്രതാസമിതിയുടെ ഒരു സിറ്റിംഗ് മാത്രമാണ് നടത്തിയിട്ടുള്ളതെന്നും, ആയതിന്റെ ചെലവുകൾ പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചെലവു ചെയ്യാവുന്നതാണെന്ന് അറിവില്ലാത്തതിനാലുമാണ് ചെലവ് വന്നിട്ടില്ലാത്തതെന്നും അറിയിച്ചിട്ടുണ്ട്. ജാഗ്രതാ സമിതിയുടെ രൂപീകൃത ലക്ഷ്യപ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 3/30.11.2020)

# 1-22 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

പരുതൂർ ഗ്രാമപഞ്ചായത്തിന് തെരുവുവിളക്കുകളുടെ പരിപാലനത്തിനായി വലിയ തുക ചെലവഴിക്കേണ്ടി വരുന്നുണ്ട്. വിവിധ രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. വൈദ്യുതി ചാർജ്ജ്

410 എണ്ണം തെരുവുവിളക്കുകളാണ് കെ.എസ്.ഇ.ബി തൃത്താല, മുതുതല സെക്ഷനുകളിലായി നിലവിലുള്ളത്. പ്രതിമാസം ശരാശരി 30000 രൂപ വൈദ്യുത ചാർജ്ജായി അടവാക്കുന്നുണ്ട്. 2018-19 വർഷം വൈദ്യുത ചാർജിനത്തിൽ 358262 രൂപ അടവാക്കിയിട്ടുണ്ട്.

ബി. സാധനസാമഗ്രികളുടെ വാങ്ങലുകളും അറ്റകുറ്റപണിയും

വൈദ്യുതി ചാർജ്ജ് കൂടാതെ അറ്റകുറ്റപണികൾക്കും, സാധന സാമഗ്രികളുടെ വാങ്ങലിനുമായി പ്ലാൻ ഫണ്ട്, തനത് ഫണ്ട് എന്നിവയിൽ നിന്നുമായി വൻ തുക ചെലവഴിക്കുന്നുണ്ട്. 2018-19 വർഷത്തിൽ ഈ ആവശ്യങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും, പ്ലാൻ ഫണ്ടിൽ നിന്നുമായി 730761 രൂപ ചെലവഴിച്ചിട്ടുണ്ട്.

സി. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ

തെരുവുവിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഇപ്പോഴും മീറ്റർ സ്ഥാപിക്കാതെ Burning Hours ന്റെ അടിസ്ഥാനത്തിലാണ് അടവാക്കുന്നത്. നാളിതുവരെയും മീറ്ററിംഗ് സംവിധാനം നിലവിൽ വന്നിട്ടില്ല. നാളിതുവരെയും മീറ്ററിംഗ് സംവിധാനത്തിനായി പ്രോജക്റ്റുകൾ വെച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ എല്ലാ ലാമ്പുകളേയും മീറ്ററിനു കീഴിൽ കൊണ്ടു വന്നാൽ വൈദ്യുതി ചാർജ്ജിനത്തിൽ കുറവ് പ്രതീക്ഷിക്കാവുന്നതാണ്.

ഡി. നിർദ്ദേശങ്ങൾ

തെരുവു വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. വൈദ്യുതി ചാർജ്ജ്, വാങ്ങലുകൾ, അറ്റകുറ്റപണികൾ, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്നിവയ്ക്കായി പ്രതിവർഷം ശരാശരി 11ലക്ഷം രൂപയെങ്കിലും വേണ്ടിവരുമെന്ന് മേൽകണക്കുകൾ സൂചിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ ഘട്ടം ഘട്ടമായി മാറ്റി പകരം ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

3. എല്ലാ തെരുവു വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. സ.ഉ(പി)നം.259/2010/തസ്വഭവ, തിയതി 08-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകൾക്കായുള്ള മാർഗരേഖയിലെ വ്യവസ്ഥകൾക്ക് അനുസരിച്ചായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി കാര്യക്ഷമമായ തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചാൽ വൈദ്യുതി ചാർജ്ജും പരിപാലനച്ചെലവും ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/04-12-2020) മറുപടി ലഭ്യമാക്കിയില്ല.

# 1-23 ഡെപ്പോസിറ്റ് വർക്ക്- പദ്ധതി പൂർത്തീകരണം സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് വർക്കിന് വേണ്ടി തുക കൈമാറിയത് ചെലവഴിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയും ലഭ്യമാക്കിയില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പരും, പേരും | അടങ്കൽ | ചെലവ് | ബിൽ നം./ ചെക്ക് നം.& തിയതി | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 97/2019, ഇലക്ട്രിക് പോസ്റ്റ് മാറ്റൽ (കെ എസ് ഇ ബി) | 360000 | 360000 | 360000 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, |

| | | | | | |
|---|---|---|---|---|---|
| | | (ധനകാര്യ കമ്മീഷൻ അവാർഡ്) | | {19/21-11-18 (226363)<br>13/29-9-18 (13754)<br>10/09-08-19 (49432)<br>22/19-01-19 (70451)} | തൃത്താല സെക്ഷൻ |
| 2 | 289/19, പമ്പ് റോഡ് പൈപ്പ്ലൈൻ | 22000<br>(ധനകാര്യ കമ്മീഷൻ അവാർഡ്) | 22000 | 34/14-03-19 | കേരള വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ, ഷൊർണ്ണൂർ |
| 3 | 310/19, പുനനിലം അംഗൻവാടി ട്രാൻസ്ഫോർമർ മാറ്റൽ | 115000<br>(ധനകാര്യ കമ്മീഷൻ അവാർഡ്) | 112600 | 23/19-01-19 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, തൃത്താല സെക്ഷൻ |
| 4 | 315/19, മുള്ളൻപാറക്കുന്ന് പൈപ്പ്ലൈൻ പൂർത്തീകരണം | 40000<br>(ധനകാര്യ കമ്മീഷൻ അവാർഡ്) | 40000 | 24/19-01-19 | കേരള വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ, ഷൊർണ്ണൂർ |
| 5 | 288/19, സഫ പരുളൂർ റോഡ് പൈപ്പ്ലൈൻ | 50000<br>(ധനകാര്യ കമ്മീഷൻ അവാർഡ്) | 50000 | 25/24-01-19 | കേരള വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ, ഷൊർണ്ണൂർ |
| 6 | 237/19, പള്ളിപ്പുറം സഫ പരുളൂർ റോഡിൽ പൈപ്പ്ലൈൻ നീട്ടൽ | 100000<br>(ധനകാര്യ കമ്മീഷൻ അവാർഡ്) | 100000 | 26/29-01-19 | കേരള വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ, ഷൊർണ്ണൂർ |
| 7 | 290/19, നന്നംകുളം | 50000 | 50000 | 27/29- | കേരള വാട്ടർ |

| | | | | | |
|---|---|---|---|---|---|
| | കുട്ടക്കടവ് പൈപ്പ്ലൈൻ | (ധനകാര്യ കമ്മീഷൻ അവാർഡ്) | | 01-19 | അതോറിറ്റി, പി എച്ച് ഡിവിഷൻ, ഷൊർണ്ണൂർ |
| 8 | 283/19, മീനാനിക്കോട് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 50000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 50000 | 28/29-01-19 | കേരള വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ, ഷൊർണ്ണൂർ |
| 9 | 284/19, പാലത്തറ കുതിക്കുഴി റോഡ് പൈപ്പ്ലൈൻ നീട്ടൽ | 50000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 50000 | 29/29-01-19 | കേരള വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ, ഷൊർണ്ണൂർ |

പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.14/30.11.2020) നൽകിയതിൽ കെ.എസ്.ഇ.ബി ക്കും, വാട്ടർ അതോറിറ്റിക്കും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ മേൽ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരം വിനിയോഗ സാക്ഷ്യപത്രം സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-24 ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം

എ) അംഗൻവാടി പോഷകാഹാര വിതരണം- ലാബ് റിപ്പോർട്ട് – സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലും ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ICDS.ബി.3-312/2010 തിയ്യതി 5.6.2010, 1.2.2010 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ഇതേ നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഭക്ഷ്യ മിശ്രിതം തൃപ്തികരമാണെന്നുള്ള ലാബ് റിപ്പോർട്ട് ലഭ്യമാക്കണമെന്നും, സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പരുതൂർ ഗ്രാമ പഞ്ചായത്തിൽ ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം പരിശോധനയ്ക്ക് വിധേയമാക്കി ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നില്ല എന്ന് കണ്ടെത്തി. ആയതിനാൽ ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിക്കകം ലഭ്യമാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

ബി) അംഗൻവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- കേന്ദ്ര ഫണ്ട് പ്രയോജനപ്പെടുത്തേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2010 ലെ സർക്കുലർ നമ്പർ 39033/ഡി.സി.2/2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി (എസ്.എൻ.പി) ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അംഗൻവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരുതൂർ ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ്സിന് ലഭിച്ച കേന്ദ്ര വിഹിതത്തിൽ ₹1204632 രൂപ (31.03.2019 ലെ കണക്കുകൾ പ്രകാരം) ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ടി തുക അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പ്രയോജനപ്പെടുത്തുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

സി) ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളുടെ വിവരം

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | അംഗൻവാടികളുടെ എണ്ണം | 26 |
| 2 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 2 |
| 3 | വൈദ്യുതി, കുടിവെള്ളം ഇല്ലാത്തവയുടെ എണ്ണം | ഇല്ല |
| 4 | ഫാൻ ഇല്ലാത്തവ | ഇല്ല |
| 5 | ബേബി ഫ്രണ്ടലി ടോയ്ലറ്റ് ഇല്ലാത്തവ | 26 |
| 6 | ചുറ്റ് മതിൽ ഇല്ലാത്തവ | ഇല്ല |
| 7 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അംഗൻവാടികളുടെ എണ്ണം | 1 |

ഡി) അംഗൻവാടികളിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

ജി.ഒ. (എം.എസ്.) 362/2013/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരവും സർക്കുലർ നം. 31055/ സി.ഡി.2/2011/ത.സ്വ.ഭ.വ തിയതി 22-3-2011 പ്രകാരവും അംഗൻവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് സർക്കാർ താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1)എല്ലാ വർഷവും മെയ് 10 - നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ / ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

2)വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി

പൂർത്തീകരിക്കേണ്ടതാണ്.

3)ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അംഗൻവാടികൾക്കായി വാടകക്കെടുക്കുവാൻ പാടുള്ളൂ.

4)യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല.മതിയായ സുരക്ഷിതത്വം ഇല്ലാത്ത കെട്ടിടങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നതെങ്കിൽ തദ്ദേശഭരണ സ്ഥാപനം/ കെട്ടിട ഉടമ ആയത് ഏർപ്പെടുത്തേണ്ടതാണ്.

5)സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ / ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തി സമയബന്ധിതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കി മെയ് 10 നകം എല്ലാ അങ്കണവാടികൾക്കും ഫിറ്റനസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടാണ്.

6)അംഗൻവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണീച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകണം.

7)വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, വൈദ്യുതീകരണം, ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് എന്നിവയുടെ കേടുപാടുകൾ തീർത്ത് ചുറ്റുമതിലിൽ പെയ്റ്ററിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

ഈ വിഷയങ്ങൾ സംബന്ധിച്ചും തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ / ഓവർസീയർ പരിശോധിച്ച് ലഭ്യമാക്കിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഓഡിറ്റ് നിർദ്ദേശ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ അംഗൻവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ നിർദ്ദേശങ്ങൾക്ക് വിധേയമായി അംഗൻവാടികളിലെ ഭൗതിക സൗകര്യങ്ങൾ വിലയിരുത്തി അംഗൻവാടികളിലെ പോരായ്മകള് പരിഹരിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 5/30.11.2020)

# 1-25 എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം പദ്ധതി- സർക്കാർ ഉത്തരവുകൾക്കും ടെണ്ടർ വ്യവസ്ഥകൾക്കും വിരുദ്ധമായി നിർവ്വഹണം നടത്തി

2018-19 സാമ്പത്തിക വർഷത്തിൽ പരുളർ ഗ്രാമപഞ്ചായത്തിലെ എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങി നൽകുന്നതിനായി അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി ഒരു പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം, പേര്- 257/2019, എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി. സെക്രട്ടറി

അടങ്കൽ തുക- 8,00,000 രൂപ (വികസനഫണ്ട് ജനറൽ- 8,00,000 രൂപ)

ചെലവ്- 7,99,360 രൂപ

ബിൽ നമ്പർ- 10/19.12.18, തുക- 4,99,600രൂപ

12/27.12.18, തുക- 2,74,780 രൂപ
14/25.03.18, തുക- 24,980 രൂപ
സപ്ലെയർ- ARTCO- Palakkad
ഇൻവോയ്സ് നമ്പർ, തിയതി, പഠനോപകരണങ്ങളുടെ എണ്ണം, സപ്ലൈ തിയതി – 92/12.11.18, 100 എണ്ണം, 15.11.18
135/26.12.18, 5 എണ്ണം ,26.12.18
136/26.12.18, 50 എണ്ണം, 26.12.18
237/05.03.19, 5 എണ്ണം, 05.03.19

പരുതൂർ ഗ്രാമപഞ്ചായത്തിലെ ജനറൽ വിഭാഗത്തിലെ 160 വിദ്യാർത്ഥികൾക്ക് മേശയും കസേരയും അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും വാങ്ങി നൽകുന്നതിനാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടത്.

മേശ- Steel table with one drawer and cupboard on right side with novopan top 36”x18”x30”- 22G

കസേര- Steel chair

എന്ന സ്പെസിഫിക്കേഷൻ പ്രകാരം ടെന്റർ ക്ഷണിക്കാതെ സർക്കാരുമായി റേറ്റ്/റണ്ണിംഗ് കോൺട്രാക്ട് ഉള്ള ARTCO യിൽ നിന്നും 4998 രൂപയ്ക്കാണ് (ജി.എസ്.ടി. ഉൾപ്പെടെ) 160 മേശകളും കസേരകളും(മേശ- 3863, കസേര- 1135) തൻവർഷം വാങ്ങിയിട്ടുള്ളത്.

1) സ.ഉ(എം.എസ്)നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി)നം. 259/2010/ത.സ്വ.ഭ.വ തീ. 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ 500000/- രൂപയിൽ താഴെയുള്ള വാങ്ങലുകൾക്ക് സർക്കാരുമായി റേറ്റ്/റണ്ണിംഗ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്നതാണ്. G.O(Ms)No. 13/2015/ITD dated 12/05/2015 പ്രകാരം അടങ്കൽ തുക 5 ലക്ഷവും അതിന് മുകളിലുള്ള എല്ലാ വാങ്ങലുകൾക്ക് ഇ-ടെണ്ടർ ബാധകമാണ്.

പ്രസ്തുത മാർഗ്ഗരേഖ പ്രകാരം റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പരിധി 5 ലക്ഷമായി നിജപ്പെടുത്തിയിട്ടുണ്ട് എന്നിരിക്കെ ടി പദ്ധതിയുടെ അടങ്കൽ പരിഗണിക്കാതെ പഠനോപകരണങ്ങളുടെ വാങ്ങലിന് ടെണ്ടർ/ ഇ-ടെണ്ടർ സംവിധാനം അവലംബിക്കാതെ ARTCO യിൽ നിന്നും നേരിട്ട് വാങ്ങിയ നടപടി സർക്കാർ ഉത്തരവുകൾക്കും ടെണ്ടർ വ്യവസ്ഥകൾക്കും വിരുദ്ധമാണ്.

2) വാങ്ങി നൽകിയ മേശയുടെയും കസേരയുടേയും സ്പെസിഫിക്കേഷൻ സർക്കാരിന്റെ റേറ്റ് റണ്ണിങ്ങ് കോൺട്രാക്ട് ഉത്തരവുകളിൽ ഇല്ല. സ.ഉ(ആർ.ടി)നം. 4/2018/എസ്.പി.ഡി തിയതി. 02.02.2018 നമ്പർ ഉത്തരവ് പ്രകാരം Steel table with 3 drawer, one drawer and cupboard on right side with novopan top – 36”x18”x30” (22G) ആണ് ഉള്ളത്. ARTCO നിർമ്മിച്ച നൽകുന്ന പ്രസ്തുത ഫർണീച്ചറിന്റെ(മേശ) വില ഒന്നിന് മേൽ ഉത്തരവ് പ്രകാരം 3274 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ വാങ്ങി നൽകിയിട്ടുള്ളത് Steel table with one drawer and cupboard on right side with novopan top 36”x18”x30”- 22G പ്രകാരം ഫർണീച്ചർ(മേശ) ഒന്നിന് 3863 രൂപയാണ്. മേശ ഒന്നിന് 589 രൂപ വീതം അധികം നൽകിയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ഈ ഇനത്തിൽ 94240 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. കസേര steel chair

എന്നു മാത്രമാണ് ഇൻവോയ്സിലും രേഖപ്പെടുത്തിയിട്ടുള്ളത് ആയതിനാൽ കസേര ARTCO നിർമ്മിച്ചു നൽകുന്നതാണോ, സർക്കാരുമായി റേറ്റ്/ റണ്ണിംഗ് കോൺട്രാക്ട് ഉള്ള സ്പെസിഫിക്കേഷനിലും നിശ്ചയിക്കപ്പെട്ട വിലയിലും ആണോ വാങ്ങി നൽകിയിട്ടുള്ളത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം. 20/04.12.2020). സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി നിർവ്വഹണം നടത്തുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-26 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല- നടപടികൾ ആവശ്യപ്പെടുന്നു

നിർവ്വഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (with packed bitumin rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരന്റെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. പിന്നീട് തുക ഈടാക്കിയതിനും രേഖകളില്ല. ഈടാക്കുവാൻ വിട്ടുപോയ തുക 27994/-കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3-1കാണുക.തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 6/30.11.20) മറുപടി ലഭിച്ചില്ല.

# 1-27 ലൈഫ് മിഷൻ പദ്ധതി- അവലോകനം

സംസ്ഥാനത്തെ എല്ലാ ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ (ലൈഫ്) ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ (എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖകൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

ഒന്നാം ഘട്ടം

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2017-18 വർഷത്തിൽ ആരംഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികൾ പ്രകാരം ആരംഭിച്ചതും അപൂർണ്ണമായി നിലനിന്നിരുന്നതുമായ ഒരു ഭവനത്തിന്റെ പൂർത്തീകരണമാണ് ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയത്.

രണ്ടാം ഘട്ടം-2018-19 വർഷത്തെ ലക്ഷ്യം

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

യൂണിറ്റ് നിരക്ക്

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാഗക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 136, എസ്.സി വിഭാഗത്തിൽ 45 ഗുണഭോക്താക്കളാണുള്ളത്. ആയതിൽ ആകെ 114 പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഫേസ് 1 ൽ പൂർത്തീകരിക്കാൻ അവശേഷിച്ച 2 പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a) ലൈഫ് ഭവനം ജനറൽ (79/19)

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് (ജനറൽ) | 2632400 | 2632400 |
| [illegible] | | |

| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 573616 | 573616 |
| ജില്ലാ പഞ്ചായത്ത് | 706884 | 433984 |
| മറ്റിനം (വായ്പ) | 34887100 | 8921343 |
| ആകെ | 38800000 | 12561343 |

ജനറൽ വിഭാഗത്തിലെ 91 ഗുണഭോക്താക്കളിൽ 90 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ച ബാക്കിയുള്ള 1 ഗുണഭോക്താവ് നാളിതുവരെയും പണി പൂർത്തീകരിച്ചിട്ടില്ല.

b) ലൈഫ് ഭവനം- എസ്.സി (80/19)

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് (എസ്.സി.പി) | 3163000 | 3163000 |
| ബ്ലോക്ക് പഞ്ചായത്ത് | 448949 | 332346 |
| ജില്ലാ പഞ്ചായത്ത് | 1954654 | 1954654 |
| മറ്റുള്ളവ | 5233397 | 0 |
| ആകെ | 10800000 | 5450000 |

ആകെയുള്ള 23 ഗുണഭോക്താക്കളിൽ 22 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1 ഗുണഭോക്താവ് നാളിതുവരെയും പണി പൂർത്തീകരിച്ചിട്ടില്ല.

c) ലൈഫ് പദ്ധതി ഭവന പൂർത്തീകരണം (SO) (243/19)

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 31638 | 31638 |
| ആകെ | 31638 | 31638 |

ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

c) ലൈഫ് പദ്ധതി ഭവന പൂർത്തീകരണം (എസ്.സി) (SO) (244/19)

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 96000 | 96000 |
| ആകെ | 96000 | 96000 |

ആകെയുള്ള 2 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ലൈഫ് രണ്ടാം ഘട്ടത്തിൽ ഒരു ഗഡു കൈപ്പറ്റി ഭവന നിർമ്മാണം തുടങ്ങാത്ത ഗുണഭോക്താക്കൾ

ഒരു ഗഡു 40,000 രൂപ കൈപ്പറ്റി നാളിതുവരെയും ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും വിലാസവും | വിഭാഗം | വാർഡ് നം | കരാർ ചമച്ച | ആദ്യ ഗഡു വാങ്ങിയ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | തിയതി | തീയതി |
| 1 | മുബീന w/o മുഹമ്മദ് അൻസാരി, കളയാടത്ത്, കുളമുക്ക് പി ഒ, പരുതൂർ | ജനറൽ | 8 | 02.07.2018 | 31.07.2018 |
| 2 | ലക്ഷ്മി w/o രാമകൃഷ്ണൻ, വൈക്കുന്നിമ്മേൽ, ചെറുകുടങ്ങാട് | എസ്.സി | 4 | 01.08.2018 | 30.08.2018 |

ലൈഫ് മിഷൻ പാർപ്പിട സുരക്ഷ പദ്ധതി (ജനറൽ, എസ്.സി.പി) പ്രകാരമുള്ള ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കുന്നതാണെന്നും ഖണ്ഡിക 7 പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കുമെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരികെ നൽകാൻ ബാധ്യസ്ഥനാണെന്നും സമ്മതിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനോ, പൂർത്തിയാക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനോ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

<u>ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം</u>

2018-19 സാമ്പത്തിക വർഷം 18761343/- രൂപ ഹഡ്കോയിൽ നിന്നു KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. വായ്പയായി ലഭിച്ച തുക മുഴുവനായി ചെലവഴിച്ചിട്ടുണ്ട്. വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

<u>സർക്കാർ വിഹിതം</u>

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2018-19 വർഷം തുക ലഭ്യ മായിട്ടില്ല. 2019-20 വർഷം 90,00,000/- രൂപ ലഭിച്ചത് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

<u>മോണിറ്ററിംഗ്</u>

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുതമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായി വിലയിരുത്തേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

3. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

# 1-28 മെഡിക്കൽ ഓഫീസർ (പിഎച്ച്സി) നിർവഹണം നടത്തിയ പദ്ധതികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തത് സംബന്ധിച്ച്

2018-19 വർഷത്തെ ഓഡിറ്റ് 20.11.2020 ന് ആരംഭിക്കുകയും ഓഡിറ്റിന് പരിശോധനയ്ക്ക് രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നം. 01/23.11.2020 പ്രകാരം ജനറൽ റിക്വിസിഷൻ നൽകുകയും ചെയ്തിരുന്നു. എന്നാൽ മെഡിക്കൽ ഓഫീസർ (പിഎച്ച്സി) നിർവഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. തുടർന്ന് 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 11-ാം വകുപ്പ്, 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(1),12(2) എന്നിവ പ്രകാരം മേൽ ചെലവിനാസ്പദമായ രേഖകൾ നിലവിലില്ല എന്ന അനുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.10/30.11.2020 -നും മറുപടി ലഭ്യമാക്കിയിട്ടില്ല. നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പേര് | അടങ്കൽ (രൂപ) | ചെലവ് (രൂപ) |
|---|---|---|---|---|
| 1 | 140/19 | പെയിൻ & പാലിയേറ്റീവ് ക്ലിനിക്ക് | 400000 | 380400 |
| 2 | 172/19 | പെയിൻ & പാലിയേറ്റീവ് ക്ലിനിക്ക് | 352600 | 352413 |
| 3 | 175/19 | പിഎച്ച്സി ലാബിലേക്ക് റഫ്രിജറേറ്റർ | 30000 | 25200 |
| 4 | 247/19 | പിഎച്ച്സി യിലേക്ക് മരുന്നുവാങ്ങൽ | 100000 | 90671 |
| 5 | 248/19 | പിഎച്ച്സി ലാബിലേക്ക് എയർകണ്ടീഷണർ സ്ഥാപിക്കൽ | 60000 | 60000 |
| 6 | 280/19 | പെയിൻ & പാലിയേറ്റീവ് മരുന്ന് വാങ്ങൽ | 200000 | 181871 |
| 7 | 281/19 | പിഎച്ച്സി യിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ | 50000 | 49990 |
| | | ആകെ | 1192600 | 1140545 |

**രേഖകൾ ഹാജരാക്കാത്തതിനാൽ** മെഡിക്കൽ ഓഫീസർ (പിഎച്ച്സി) നിർവഹണം

നടത്തിയ മേൽ പദ്ധതികൾക്ക് ആകെ ചിലവഴിച്ച 1140545 രൂപ തടസ്സപ്പെടുത്തുന്നു.

# 1-29 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമാക്കിയില്ല.

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി അവർ അളക്കുന്ന പാലിന് ആനുപാതികമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | വെറ്റിനറി സർജൻ |
| പ്രൊജക്റ്റ് നം. | 7/19 |
| പ്രോജക്റ്റിന്റെ പേര് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ | ₹5,60,000/-<br><br>₹4,00,000/-വികസന ഫണ്ട് (ജനറൽ)<br>₹1,00,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹60,000/-ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | ₹4,00,000/-<br>ബിൽ നം. 3 തി 24.03.2019<br>ആകെ : ₹4,00,000/- |

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.22/2018 തസ്വഭവ, തീയതി. 14.02.2018 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ 4രൂപ നിരക്കിൽ പരമാവധി സബ്സിഡി ₹ 40,000/- ഒരു കർഷകന് നൽകാവുന്നതാണ്. വികസന ഫണ്ട് (ജനറൽ) 4,00,000/- രൂപ, ലിറ്ററൊന്നിന് 3 രൂപ നിരക്കിൽ 115 കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലേയും നടത്തിപ്പിലേയും അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ 115 ഗുണഭോക്താക്കൾക്ക് ഇൻസെന്റീവ് നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ടിൽ ആവശ്യമായ തുക വകയിരുത്താത്ത കാരണം 2018 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലെ പാലളവിന് മാത്രമാണ് സബ്സിഡി നൽകിയിട്ടുള്ളത്. ജനുവരി 2019 മുതൽ മാർച്ച് 2019 വരെ പാലളവിന് കർഷകർക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല.

2. ക്ഷീരവികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തൻവർഷം ലഭ്യമായില്ല. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ വകയിരുത്തിയെങ്കിലും ലഭ്യമായില്ല.

ഇവ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 2/30.11.2020)

# 1-30 വൃദ്ധർക്ക് കട്ടിൽ- പദ്ധതി വിഭാവനം ചെയ്തതിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം നടത്തി

2018-19 സാമ്പത്തിക വർഷത്തിൽ പരുതൂർ ഗ്രാമപഞ്ചായത്തിലെ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി ഒരു പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം, പേര്- 86/2019, വൃദ്ധർക്ക് കട്ടിൽ
നിർവ്വഹണ ഉദ്യോഗസ്ഥ- അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ തുക- 10,00,500 രൂപ (വികസനഫണ്ട്- എസ്.സി.പി=10,00,000രൂപ+ തനത് ഫണ്ട് =500 രൂപ)
ചെലവ്- 10,00,000 രൂപ (വികസനഫണ്ട് - എസ്.സി.പി =10,00,000 രൂപ)
ബിൽ നമ്പർ- 9/19.12.2018, തുക- 10,00,000രൂപ
സപ്ലൈയർ- ARTCO- Palakkad
ഇൻവോയ്സ് നമ്പർ, തിയതി - 107/30.11.2018 കട്ടിലുകളുടെ എണ്ണം = 230

പരുതൂർ ഗ്രാമപഞ്ചായത്തിലെ ജനറൽ വിഭാഗത്തിലെ 230 വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിനാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടത്. ടെന്റർ മുഖേന സർക്കാരുമായി റേറ്റ്/റണ്ണിംഗ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ARTCO യിൽ നിന്നും നേരിട്ട് വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്. ARTCO യിൽ നിന്നും കട്ടിൽ ഒന്നിന് 4350 രൂപയ്ക്കാണ് (ജി.എസ്.ടി. ഉൾപ്പെടെ) 230 കട്ടിലുകളും തൻവർഷം വാങ്ങിയിട്ടുള്ളത്.

സ.ഉ(എം.എസ്)നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി)നം. 259/2010/ത.സ്വ.ഭ.വ തീ. 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ 500000/- രൂപയിൽ താഴെയുള്ള വാങ്ങലുകൾക്ക് സർക്കാരുമായി റേറ്റ്/റണ്ണിംഗ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്നതാണ്. G.O(Ms)No. 13/2015/ITD dated 12/05/2015 പ്രകാരം അടങ്കൽ തുക 5 ലക്ഷവും അതിന് മുകളിലുള്ള എല്ലാ വാങ്ങലുകൾക്ക് ഇ-ടെണ്ടർ ബാധകമാണ്. എന്നാൽ ടി പ്രോജക്ടിന്റെ നടത്തിപ്പിന്റെ ഭാഗമായി കട്ടിൽ വാങ്ങലിന് ടെണ്ടർ/ ഇ-ടെണ്ടർ സംവിധാനം അവലംബിച്ചിട്ടില്ല. പദ്ധതി വിഭാവനം ചെയ്തതിൽ നിന്നും വ്യതിചലിച്ച് ടെണ്ടർ കൂടാതെ ARTCO യിൽ നിന്നും നേരിട്ട് വാങ്ങിയ നടപടി സർക്കാർ ഉത്തരവുകൾക്കും ടെണ്ടർ വ്യവസ്ഥകൾക്കും വിരുദ്ധമാണ്. കൂടാതെ സബ്സിഡി മാർഗ്ഗരേഖയിലെ

നിർദ്ദേശപ്രകാരമുള്ള കട്ടിലിന്റെ പരമാവധി തുകയായ 4350 രൂപ നൽകിയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. തുക നെഗോഷിയേറ്റ് ചെയ്യുന്നതിനു ശ്രമിക്കുകയോ ചർച്ച നടത്തിയതായോ കാണുന്നില്ല. ആയതിനാൽ കട്ടിലുകൾക്ക് പരമാവധി തുക നൽകിയതിനാലും ഇ-ടെണ്ടർ അവലംബിക്കാത്തതിനാലും കൂടുതൽ മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കാനുള്ള സാധ്യതയും സാമ്പത്തിക നേട്ടവും ഇല്ലാതായി. സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് അന്വേഷണം നം 19/04.12.2020)

# 1-31 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല- നടപടികൾ ആവശ്യപ്പെടുന്നു

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (with packed bitumin rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ തൻവർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 9 പ്രവർത്തികളിൽ പ്രവൃത്തി കരാർകൊണ്ട കരാറുകാരന്റെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടല്ല തുക നല്കിയിരിക്കുന്നത്. പിന്നീട് തുക ഈടാക്കിയതിനും രേഖകളില്ല. ആകെ 27505/-രൂപയുടെ നഷ്ടം ടി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്.വിശദവിവരത്തിന് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 കാണുക.

# 1-32 അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കലുള്ള ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റേണ്ടതാണ്

ടെണ്ടർ ഫോം വില ഇനത്തിൽ 30.09.2020 വരെ ലഭ്യമായ ₹1,27449 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (SBI, മുതുതല ശാഖയിലെ A/c. No. 37681085431) സൂക്ഷിച്ചിരിക്കുന്നു. തുകകൾ പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം.7/30.11.20)

# ഭാഗം-2

ഒന്നുമില്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല-നടപടികൾ ആവശ്യപ്പെടുന്നു

നിർവ്വഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (with packed bitumin rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരുടെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. പിന്നീട് തുക ഈടാക്കിയതിനും രേഖകളില്ല.

| ക്രമ നം | പ്രവൃത്തിയുടെ വിശദാംശം | ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg) | ബാരലിന്റെ എണ്ണം | ആകെ | അകെ ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | 173/18- ഗേറ്റ് പമ്പ് റോഡ് റീടാറിംഗ്<br>അടങ്കൽ - 125000<br>കരാറുകാരൻ - ശ്രീ.സിദ്ധീഖ്.യു.വി<br>എഗ്രിമെന്റ് നം.: 71/20.12.17<br>അളവു പുസ്തകം - 64/17-18<br>ചെലവ് - 125000<br>(ബിൽ നം.1/19-5-18) | RS1- 111.88 | 0.6 | 0.6*238=143 | 1640 |

| | | | | | |
|---|---|---|---|---|---|
| | | VG 30 – 1018.21 | 6.29 | 6.29*238=1497 | |
| 2 | 169/19 -തെക്കെകുന്ന് പരുവക്കളം റോഡ് ടാറിംഗ്<br>അടങ്കൽ - 250000<br>കരാറുകാരൻ - ശ്രീ.യാസർ.എ.പി<br>എഗ്രിമെന്റ് നം.: 43/14-1-2017<br>അളവു പുസ്തകം - 106/17-18<br>ചെലവ് - 250000<br>(ബിൽ നം.14/19-5-18) | RS1- 224.52 | 1.2 | 1.2*238=286 | 3261 |
| | | VG 30 – 2036.83 | 12.5 | 12.5*238=2975 | |
| 3 | 205/19 -നാടപറമ്പ്-ഓട്ടുപാറ റോഡ് റീടാറിംഗ്<br>അടങ്കൽ - 379960<br>ചെലവ്-379960<br>കരാറുകാരൻ - ശ്രീ.പി.ഭാസ്കരൻ<br>എഗ്രിമെന്റ് നം.: 10/27-9-2017<br>അളവു പുസ്തകം - 152/17-18<br>ചെലവ് - 379960<br>(ബിൽ നം.21/30-6-18) | RS1- 356.44 | 1.91 | 1.91*238=455 | 5241 |
| | | VG 30 – 3254.36 | 20.11 | 20.11*238=4786 | |
| 4 | പ്രോജക്ട് നം.212/19-കൈതകുന്ന് കോട്ടകുന്ന് റോഡ് റീ ടാറിംഗ്<br>അടങ്കൽ-300000<br>ചെലവ്-281400<br>എഗ്രിമെന്റ് നം.42/14.11.17<br>എം.ബി-108/17-18<br>കരാറുകാരൻ-യാസർ.എ.പി | RS1 267.96 | 1.44 | 1.44*238=343 | 3927 |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം.33/30.6.18=281400 | | | | |
| | | VG30 2437.86 | 15.06 | 15.06*238=3584 | |
| 5 | പ്രോജക്ട് നം.213/19-കൈതകുന്ന് പള്ളി റോഡ് റീ ടാറിംഗ്<br><br>അടങ്കൽ-200000<br><br>ചെലവ്-199000<br><br>എഗ്രിമെന്റ് നം.17/27.9.17<br><br>എം.ബി-107/17-18<br><br>കരാറുകാരൻ-ടി.കെ.രാജൻ<br><br>ബിൽ നം.22/30.6.18=199000 | RS1 108.34 | 0.58 | 0.58*238=138 | 1997 |
| | | VG30 1264.71 | 7.81 | 7.81*238=1859 | |
| 6 | പ്രോജക്ട് നം.308/19-നമ്പീശൻപടി റെയിൽവെ ലൈൻ റോഡ് റീ ടാറിംഗ്<br><br>അടങ്കൽ-100000<br><br>ചെലവ്-99990<br><br>എഗ്രിമെന്റ് നം.110/24.11.18<br><br>എം.ബി-256/17-18<br><br>കരാറുകാരൻ-പി.നൗഷാദ് ബിൽ നം.129/23.3.20=99990 | RS1 69.90 | 0.37 | 0.37*238=88 | 1064 |
| | | VG30 677.76 | 4.1 | 4.1*238=976 | |
| 7 | പ്രോജക്ട് നം.225/19മിൽമ റോഡ് തട്ടാരകുന്ന് റോഡ് റീ ടാറിംഗ്<br><br>അടങ്കൽ-2ദ്ര0000<br><br>ചെലവ്-249535<br><br>എഗ്രിമെന്റ് നം.89/7.3.18<br><br>എം.ബി-17/17-18<br><br>കരാറുകാരൻ-എം.വി.അബ്ദുൾ റസാക്ക് | RS1 228.93 | 1.23 | 1.23*238=293 | 3366 |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം.42/21.11.18=249535 | | | | |
| | | VG30 2089.59 | 12.91 | 12.91*238=3073 | |
| 8 | പ്രോജക്ട് നം.222/19- മൊട്ടകുന്ന് സ്റ്റേഡിയം റോഡ് റീ ടാറിംഗ്<br>അടങ്കൽ-200000<br>ചെലവ്-300000<br>എഗ്രിമെന്റ് നം.81/27.9.17<br>എം.ബി-151/17-18<br>കരാറുകാരൻ-അബ്ദുൾ റസാക്ക്<br>ബിൽ നം.38/30.7.18=300000 | RS1 276.41 | 1.48 | 1.48*238=352 | 4053 |
| | | VG30 2516.22 | 15.55 | 15.55*238=3701 | |
| 9 | പ്രോജക്ട് നം.207/19- കൊട്ടമുണ്ട കട്ടി റോഡ് റീ ടാറിംഗ്,കൊട്ടമുണ്ട നമസ്കാര പള്ളി റോഡ് ടാറിംഗ്<br>അടങ്കൽ-300000<br>ചെലവ്-300000<br>എഗ്രിമെന്റ് നം.82/17.2.18<br>എം.ബി-84/17-18<br>കരാറുകാരൻ-എം.വി.അബ്ദുൾ റസാക്ക്<br>ബിൽ നം.37/30.7.18=300000 | RS1 189.308 | 1.01 | 1.01*238=240 | 2956 |
| | | VG30 1579.24 | 9.76 | 9.76*238=2323 | |
| | | SS1 308.29 | 1.65 | 1.65*238=393 | |
| | ആകെ | | | | 27505 |

തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷത്തിന് (6/30.11.20 ) മറുപടി ലഭിച്ചിട്ടില്ല.ഈടാക്കുവാൻ വിട്ടുപോയ തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഇടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 05-08-2019 മുതൽ 06-08-2019 വരെ | നം.കെ.എസ്.എ-പികെഡി-21/997/2019(56), തിയതി: 26-8-2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 706884 | 79/2019, ലൈഫ് ഭവനം-ജനറൽ | 433984 | 272900 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 3052979 | 80/2019, ലൈഫ് ഭവനം-എസ് സി പി | 1954654 | 1098325 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 975520 | 5/2019, സമഗ്ര നെൽകൃഷിക്ക് പ്രാരംഭകൃഷിചെലവിന് ധനസഹായം | 975520 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 300000 | 69/2019, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ആകെ | | 5035383 | | 3664158 | 1371225 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 682942 | 5/2019, സമൃദ്ധി-നെൽകൃഷിക്ക് പ്രാരംഭകൃഷിചെലവിന് ധനസഹായം | 682942 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 573616 | 79/2019, ലൈഫ് ഭവനം-ജനറൽ | 573616 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 448949 | 80/2019, ലൈഫ് ഭവനം-എസ് സി പി | 448949 | 0 |
| ആകെ | | 1705507 | | 1705507 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 97/2019, ഇലക്ട്രിക് പോസ്റ്റ് മാറ്റൽ (കെ എസ് ഇ ബി) | 19/ 21-11-18 (226363)<br>13/ 29-9-18 (13754)<br>10/ 09-08-19 (49432) | 360000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |
| കേരള വാട്ടർ അതോറിറ്റി | 289/19, പമ്പ് റോഡ് പൈപ്പ്ലൈൻ | 34/ 14-03-19 | 22000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |
| കെ.എസ്.ഇ.ബി | 310/19, പുനനിലം അംഗൻവാടി ട്രാൻസ്ഫോർമർ മാറ്റൽ | 23/ 19-01-19 | 112600 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |
| കേരള വാട്ടർ അതോറിറ്റി | 315/19, മുള്ളൻപാറക്കുന്ന് പൈപ്പ്ലൈൻ പൂർത്തീകരണം | 24/ 19-01-19 | 40000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |
| കേരള വാട്ടർ അതോറിറ്റി | 288/19, സഫ പരുതൂർ റോഡ് പൈപ്പ്ലൈൻ | 25/ 24-01-19 | 50000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |
| കേരള വാട്ടർ അതോറിറ്റി | 237/19, പള്ളിപ്പുറം സഫ പരുതൂർ റോഡിൽ പൈപ്പ്ലൈൻ നീട്ടൽ | 26/ 29-01-19 | 100000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |
| കേരള വാട്ടർ അതോറിറ്റി | 290/19, നന്നംകുളം കുട്ടക്കടവ് പൈപ്പ്ലൈൻ | 27/ 29-01-19 | 50000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |
| കേരള വാട്ടർ അതോറിറ്റി | 283/19, മീനാനിക്കോട് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 28/ 29-01-19 | 50000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |
| കേരള വാട്ടർ അതോറിറ്റി | 284/19, പാലത്തറ കുരുതിക്കുഴി റോഡ് | 29/ 29-01-19 | 50000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. |

| | | | | | |
|---|---|---|---|---|---|
| | പൈപ്പ്ലൈൻ നീട്ടൽ | | | | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ-ഒന്നുമില്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 18761343 രൂപ വരവുണ്ട്. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന പദ്ധതി | - | 18761343 | 18761343 | - | - | 18761343 |

# 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1998-99 | 43 | 2012-13 | VII.1.9.4.v | റോഡ് പ്രവൃത്തി-മുൻകൂർ നൽകിയത് | സമിതിയുടെ അന്തിമ തീരുമാന മായിട്ടില്ല |
| | | | | | സമിതിയുടെ അന്തിമ തീരുമാന മായിട്ടില്ല |
| 1998-99 | 26 | 2012-13 | VII.1.9.4.i | തൊഴിൽ നികുതി പിരിച്ചെടുക്കുന്ന തിൽ കുറവ് | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം-ഒന്നുമില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 87420584 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72055706 |
| വരവിനങ്ങളിലുള്ള നഷ്ടം | : |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27505 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1140545 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 27505 | സുധ.എൻ.എസ്.അസിസ്റ്റന്റ് എഞ്ചിനീയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 1140545 | മെഡിക്കൽ ഓഫീസർമാർ പി.എച്ച് .സി.പള്ളിപ്പുറം **** |

*** ട്രഷറി ബിൽ ബുക്ക് ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ തുക പിൻവലിച്ച് ചെലവഴിച്ച നിർവ്വഹണോദ്യോഗസ്ഥന്റെ പേര് ചേർക്കാൻ കഴിഞ്ഞിട്ടില്ല.

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-ഒന്നുമില്ല</u>

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-ഒന്നുമില്ല</u>

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുധ.എൻ.എസ്. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്,എടപ്പാൾ | നടുവിലത്തേതിൽ ഹൗസ്,മഞ്ഞക്കാട്,ഷൊർണ്ണൂർ, പാലക്കാട്-679121 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും<br>പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ<br>കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ.എഫ്.പി8/1202/2000/18-1-2001 | 4 |
| 1997-98 | എൽ.എഫ്.പി8/687/2001/31-10-2001 | 19 |
| 1998-99 | എൽ.എഫ്.പി8/625/2002/5-10-2002 | 10 |
| 1999-00 | എൽ.എഫ്.പി8/644/2004/ 16-9-2004 | 4 |
| 2000-01 | എൽ.എഫ്.പി8/567/2004/19-11-2004 | 22 |
| 2001-02 | എൽ.എഫ്.പി3/6109/2007/<br>14-6-2007 | 12 |
| 2002-03 | എൽ.എഫ്.പി13/935/2007/<br>26-5-2008 | 7 |
| 2003-04 | എൽ.എഫ്.പി13/530/2013/20-6-2013 | 3 |
| 2004-05 | എൽ.എഫ്.പി13/1362(1)/2012/<br>10-7-2012 | 5 |
| 2005-06 | എൽ.എഫ്.പി13/628/2013/6-2-2014 | 2 |
| 2006-07 | എൽ.എഫ്.പി13/2364(3)/2012/<br>17-6-2013 | 4 |
| 2007-08 | എൽ.എഫ്.പി13/2364(4)/2012<br>[illegible] | 10 |

| | | |
|---|---|---|
| | 17-6-2013 | |
| 2008-09,<br>2009-10 &<br>2010-11 | എൽ.എഫ്.പി13/1385/2013/17-12-2013 | 14 |
| 2011-12 | കെ.എസ്.എ-പികെഡി-13-1690/15 / 5-2-2016 | 11 |
| 2012-13,<br>2013-14 &<br>2014-15 | കെ.എസ്.എ-പികെഡി-13-1909/16 / 18-2-2016 | 14 |
| 2015-16 | കെ.എസ്.എ-പികെഡി-13-2252/2016/22-12-16 | |
| 2016-17 | കെ.എസ്.എ.പി.കെ.ഡി 13-1867/2017/17.10.2017 | 11 |
| 2017-18 | കെ.എസ്.എ.പി.കെ.ഡി 13-789/2019/24/06/2019 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം.1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്മേലുള്ള സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി-21/997/2019(56)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. Dopkd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പത്തിരിപ്പാല ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പത്തിരിപ്പാല ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്

-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം</u>

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.
2. B3 പ്രകാരമുള്ള തുക, OWNFUND/ Maintenance Grant ചെലവ് എന്നിവയുടെ ആകെ തുക, Total Asset+ Depreciation + B11(a) എന്നിവയുടെ ആകെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

   ( B3 + OWN/MG=Total asset+depreciation+ B11(a) ആയിരിക്കണം)
3. വസ്തു നികുതി (നോൺ റസിഡൻഷ്യൽ) തൻവർഷ പിരിവ് (RP 43 സാംഖ്യ- പ്രകാരം 1061668 രൂപയും സഞ്ചയ പ്രകാരം 108121 രൂപയുമാണ്. കുടിശ്ശിക വരവിനത്തിൽ തുകകൾ യഥാക്രമം 94157 രൂപയും 95412 രൂപയുമാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-21/997/2019(56)

Kerala State Audit Department

District Audit Office, Palakkad,
Date: 26-8-2019
Phone No.04912520145

e-mail. dopkd.ksad@kerala.gov.in

<u>Audit Certificate</u>

Certified that 1 have examined the Annual Financial Statement of PARUTHUR Grama Panchayat for the year ended on 31.03.2019 in Palakkad District in accordance with Section 4 of the Kerala local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and the Auditor General of India for the Certification of Accounts of Panchayathi Raj Institutions/ Municipalities / Corporations.

In my opinion the financial Statement of PARUTHUR Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Deputy Director

<u>Annexure</u>

<u>Abstract of Defects/Discrepancies</u>

1. Asset register is not updated upto 31-3-2019 using Sachithra Software. Linking of Sachithra and Sankhya is not completed and hence the correctness of asset value could not be verified.

2. Total amount of B3 Schedule in AFS and expenditure from maintanance grant/own fund not in agreement with Total asset + depreciation+amount in schedule B11 (a).

3. As per RP43 in AFS current collection of property tax(non-residential) is Rs.1061668 and Rs.108121 as per Sanchaya. Arrear collection of property tax as per AFS is Rs.94157 and that of Sanchaya is Rs.95412. Difference not explained.

Deputy Director

# അനുബന്ധം.2 വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം

| | | | |
|---|---|---|---|
| Paruthur Grama Panchayat<br>BALANCE SHEET | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 5643772.15 |
| 312000000 | Reserves | B-3 | 49263013.00 |
| | Total Reserve & Surplus | | 54906785.15 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5665605.00 |
| | Total Grants, Contributions for Specific Purposes | | 5665605.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 18761343.00 |
| | Total Loans | | 18761343.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 489315.00 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 572866.85 |
| | Total Current Liabilities and Provisions | | 1062181.85 |
| | TOTAL LIABILITIES | | 80395915.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 55899573.00 |
| 411000000 | Accumulated Depreciation | B-11 | -6084705.00 |
| 412000000 | Capital Work in Progress | B-11(a) | 169355.00 |
| | Total Fixed Assets | | 49984223.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 95941.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 8921343.00 |
| 450000000 | Cash and Bank Balance | B-17 | 20467208.00 |
| 460000000 | Loans, Advances and Deposits | B-18 | 927200.00 |
| | Total Current Assets, Loans and Advances | | 30411692.00 |
| | Total Current Assets, Loans and Advances | | 0.0 |
| | | | |

| | | |
|---|---|---|
| ------------- | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 80395915.00 |

Digitally signed by Secretary

ഡെപ്യൂട്ടി ഡയറക്ടർ

| Paruthur Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No. | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3610527.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 48918.00 |
| 140000000 | Fee & User Charges | I-4(b) | 376772.00 |
| 150000000 | Sale & Hire Charges | I-5(b) | 268540.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 122004731.00 |
| 171000000 | Interest Earned | I-8 | 83517.00 |
| 180000000 | Other Income | I-9 | 4138.00 |
| | Total Income | | 126397143.00 |
| | EXPENDITURE | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | I-10(b) | 9210199.00 |
| 220000000 | Administrative Expenses | I-11(b) | 898583.00 |
| 230000000 | Operations & Maintenance | I-12(b) | 1425743.00 |
| 240000000 | Interest & Finance Charges | I-13 | 294.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5000431.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 52162173.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3293407.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1004524.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 42366600.00 |
| 255000000 | Maintenance Projects | I-14(e) | 8427141.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 255340.00 |
| 272000000 | Depreciation | I-17(a) | 2500463.00 |
| | Total Expenditure | | 126544898.00 |
| | Gross Surplus/ Deficit of income over Expenditure | | -147755.00 |
| 280000000 | Prior Period Item | I-18 | 55317.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -203072.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Digitally signed by Secretary

ഡെപ്യൂട്ടി ഡയറക്ടർ

Paruthur Grama Panchayat

RECEIPT & PAYMENT STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 5027102.00 |
| Cash | Cash | RP-40(a) | 75228.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 790980.00 |
| 140000000 | Fees & User Charges | RP-4 | 332721.00 |
| 150000000 | Sale & Hire Charges | RP-5 | 268540.00 |
| 160000000 | Revenue Grants, Funds, Contributions & | RP-7 | 50826776.00 |

| | | | |
|---|---|---|---|
| | Compensations | | |
| 171000000 | Interest Earned | RP-9 | 83517.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12239703.00 |
| 340000000 | Deposits Received | RP-34 | 4000.00 |
| 350000000 | Other Liabilities | RP-36 | 135157.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 610.00 |
| 330000000 | Secured Loans | RP-32 | 18761343.00 |
| 340000000 | Deposits Received | RP-34 | 111789.00 |
| 350000000 | Other Liabilities | RP-36 | 190308.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3167140.00 |
| 460000000 | Loans, Advances and Deposits | RP-47 | 508000.00 |
| | Grand total | | 92522914.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4307402.00 |
| 220000000 | Administrative Expenses | RP-12 | 903078.00 |
| 230000000 | Operations & Maintenance | RP-13 | 1416752.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4972781.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 33269927.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3293407.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1004524.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 787800.00 |

| | | | |
|---|---|---|---|
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 8427141.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 255340.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10000.00 |
| 350000000 | Other Liabilities | RP-36 | 3647596.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 294.00 |
| 340000000 | Deposits Received | RP-34 | 114060.00 |
| 350000000 | Other Liabilities | RP-36 | 1448346.00 |
| 410000000 | Fixed Assets | RP-38 | 6580903.00 |
| 412000000 | Capital work in Progress | RP-40 | 169355.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1447000.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 20278588.00 |
| Cash | Cash | RP- | 188620.00 |

| | | | |
|---|---|---|---|
| | | 40(b) | |
| | Grand Total | | 92522914.00 |

Digitally signed by Secretary

ഡെപ്യൂട്ടി ഡയറക്ടർ